**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിച്ച റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകളും കുഴിച്ചതിന്റെ ഫലമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായി തീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ചില സ്ഥലങ്ങളിലെ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി തീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ റോഡുകളെല്ലാം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ; | (ബി) | ജെ.ജെ.എം പ്രവൃത്തിക്കായി കുഴിച്ച എല്ലാ റോഡുകളും പൂർവ്വസ്ഥിതിയിലാക്കുന്നതിനായി കെ.ഡബ്ല്യു.എ. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടവ, കെ.ഡബ്ല്യു.എ തന്നെ പൂർവ്വസ്ഥിതി യിലാക്കുന്നതിനും, പി.ഡബ്ല്യു.ഡി, പി.എം.ജി. എസ്.വൈ, കെ.എസ്.ടി.പി തുടങ്ങിയ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് അവരുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഫണ്ട് അടക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ ഒന്നും രണ്ടും മൂന്നും ഭരണാനുമതി തുകകളിൽ പഞ്ചായത്ത് റോഡുകളുടെ റീസ്റ്റോറേഷനുവേണ്ടി തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ബാക്കിയുള്ള ഭരണാനുമതികളിൽ റോഡ് റെസ്റ്റോറേഷന് വേണ്ടിയുള്ള തുക വകയിരുത്തുകയും അതാത് കരാറുകാർ തന്നെ പഞ്ചായത്ത് റോഡുകൾ റീസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യേണ്ടതുമുണ്ട്. അത്തരം പ്രവൃത്തികൾ നടന്നുവരുന്നു. ജെജെഎം ഭരണാനുമതി തുകയെ ആസ്പദമാക്കി പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ നേരിട്ട് പുനരുദ്ധാരണ പ്രവർത്തികൾ ഏറ്റെടുത്തു പൂർത്തിയാക്കാനുള്ള മാർഗ്ഗ നിർദേശവും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡുകളുടെ നവീകരണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ